**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 550** **28-01-2026-ൽ മറുപടിയ്ക്ക്**

**<u>ശ്രീ. വാസുദേവാശ്രമം ഹയർ സെക്കണ്ടറി സ്കൂളിന്റെ ഡി.ഡി.ഒ. കോഡ് മാറ്റാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. പി. രാമകൃഷ്ണൻ

ശ്രീ. ടി. പി. രാമകൃഷ്ണൻ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സർക്കാർ ഏറ്റെടുത്ത ശ്രീ.വാസുദേവാശ്രമം ഹയർ സെക്കണ്ടറി സ്കൂളിലെ ഹൈസ്കൂൾ വിഭാഗത്തിന്റെ ഡി.ഡി.ഒ. കോഡ് സർക്കാർ സ്കൂളിന്റേതാക്കി മാറ്റാൻ വിദ്യാഭ്യാസ വകുപ്പിൽ നിന്നും എന്തൊക്കെ രേഖകൾ സഹിതമാണ് അപേക്ഷിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** സ്കൂളിന്റെ ശമ്പളബില്ലുകൾ ട്രഷറിയിൽ നിന്നും മാറി എടുക്കുന്നതിനായി സർക്കാരിൽ നിന്നുള്ള ഉത്തരവ് ആവശ്യമാണ് എന്ന് അറിയിച്ചുകൊണ്ട് ഡിജിഇ ലഭ്യമാക്കിയ കത്ത്, G.O(P) 88/2018 Fin dtd 11.06.2018 പ്രകാരമുള്ള പ്രൊഫോർമ എന്നിവ സഹിതമാണ് പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും അപേക്ഷ സമർപ്പിച്ചിരുന്നത്.

**(ബി)** ഡി.ഡി.ഒ. കോഡ് മാറ്റിക്കൊണ്ട് എന്നാണ് ഉത്തരവ് ഇറങ്ങിയതെന്ന് വ്യക്തമാക്കുമോ; ഇതേ സ്കൂളിന്റെ ഹയർ സെക്കണ്ടറി കോഡ് സർക്കാർ സ്കൂളിന്റേതാക്കി മാറ്റുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോയെന്നും എങ്കിൽ എന്തൊക്കെ രേഖകളാണ് ലഭിച്ചതെന്നും എന്നാണ് ലഭിച്ചതെന്നും വ്യക്തമാക്കുമോ;

**<u>മറുപടി:</u>** സ.ഉ.(സാധാ) നം.2584/2025/ധന തീയതി 18.03.2025 പ്രകാരം വാസുദേവാശ്രമം സ്കൂളിലെ ഹൈസ്കൂൾ വിഭാഗം പ്രഥമാധ്യാപകൻ/ അധ്യാപികയെ DDO ആയി നിയോഗിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ധനകാര്യ (സ്കീം ലൈനിംഗ്) വകുപ്പിൽ നിന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

സ്കൂളിന്റെ ഹയർ സെക്കണ്ടറി വിഭാഗത്തിന്റെ ഡി ഡി ഓ കോഡ് സർക്കാർ സ്കൂളിന്റേതാക്കി മാറ്റുന്നതിന് അപേക്ഷ ധനകാര്യ വകുപ്പിൽ ലഭ്യമാക്കിയിരുന്നു. എന്നാൽ അപേക്ഷയോടൊപ്പം G.O(P) 88/2018/Fin dtd 11.06.2018 പ്രകാരമുള്ള പ്രൊഫോർമ ലഭ്യമാക്കാത്തതിനാൽ ആയത് ലഭ്യമാക്കേണ്ടതാണ് എന്ന് പൊതു വിദ്യാഭ്യാസ വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

**(സി)** ഹയർ സെക്കണ്ടറി ഡി.ഡി.ഒ. കോഡ് മാറുന്നതിന് എന്താണ് തടസ്സമെന്നും എന്നേക്ക് ഇത് മാറ്റി ലഭിക്കുമെന്നും വ്യക്തമാക്കുമോ?

**<u>മറുപടി:</u>** സ.ഉ.(സാധാ) നം.2584/2025/ധന തീയതി 18.03.2025 പ്രകാരം വാസുദേവാശ്രമം സ്കൂളിലെ ഹൈസ്കൂൾ വിഭാഗം പ്രഥമാധ്യാപകൻ/ അധ്യാപികയെ DDO ആയി നിയോഗിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ധനകാര്യ (സ്കീം ലൈനിംഗ്) വകുപ്പിൽ നിന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

സ്കൂളിന്റെ ഹയർ സെക്കണ്ടറി വിഭാഗത്തിന്റെ ഡി ഡി ഓ കോഡ് സർക്കാർ സ്കൂളിന്റേതാക്കി മാറ്റുന്നതിന് അപേക്ഷ ധനകാര്യ വകുപ്പിൽ ലഭ്യമാക്കിയിരുന്നു. എന്നാൽ അപേക്ഷയോടൊപ്പം G.O(P) 88/2018/Fin dtd 11.06.2018 പ്രകാരമുള്ള പ്രൊഫോർമ ലഭ്യമാക്കാത്തതിനാൽ ആയത് ലഭ്യമാക്കേണ്ടതാണ് എന്ന് പൊതു വിദ്യാഭ്യാസ വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**